തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# നാൽപ്പത്തിരണ്ടാമത് നിർവാഹകസമിതി യോഗതീരുമാനങ്ങൾ

**തിരൂർ, 2019 സെപ്തംബർ 27, രാവിലെ 10.30**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ഡോ. എ.കെ. നമ്പ്യാർ
3. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീമതി ഗീത കെ. (അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യവകുപ്പ്)
5. ശ്രീ വിജയകുമാർ ആർ. (ജോയിൻറ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്)
6. ശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി
7. ഡോ. സി.പി. അച്യുതനുണ്ണി
8. ഡോ. സി.പി. ചിത്രഭാനു
9. ശ്രീ മുസമ്മിൽ കെ. (വിദ്യാർത്ഥി പ്രതിനിധി)

ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ- ചാർജ്) യോഗത്തിൽ സന്നിഹിതയായിരുന്നു.

**1/42** **41-ാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം 1/42 : നാൽപത്തിഒന്നാമത് നിർവാഹകസമിതി യോഗതീരുമാനങ്ങൾ അംഗീകരിച്ചു.

**2/42** **മുൻതീരുമാനങ്ങളിലുള്ള തുടർനടപടികൾ**

തീരുമാനം 2/42 : മുൻ തീരുമാനങ്ങളിലുള്ള തുടർനടപടികൾ വിശദീകരിച്ചു.

**3/42** **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം 3/42 : വൈസ് ചാൻസലറുടെ റിപ്പോർട്ട് അംഗീകരിച്ചു.

**4/42** **സർവകലാശാലയിൽ വിവിധ അനദ്ധ്യാപക തസ്തികകളിൽ ജോലി ചെയ്തു വരുന്ന താൽക്കാലിക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും മറ്റുമായി ബന്ധപ്പെട്ടു സ്റ്റാഫ് & ഫിനാൻസ് ഉപസമിതിയുടെ റിപ്പോർട്ട് പരിഗണിക്കുന്നത് സംബന്ധിച്ച്.**

(ഭരണവിഭാഗം)

തീരുമാനം 4/42 : ദിവസവേതന / കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ടും പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തികൊണ്ടും സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് (സ.ഉ. (അച്ചടി) നമ്പർ: 81/2019/ധന. തീയതി, 09.07.2019) സംബന്ധിച്ചുള്ള സ്റ്റാഫ് & ഫിനാൻസ് ഉപസമിതിയുടെ ശുപാർശ കൺവീനർ അവതരിപ്പിച്ചു. അതോടൊപ്പം, സർവകലാശാല സ്റ്റാന്റിങ് കോൺസലിൽ നിന്നും ഈ വിഷയത്തിൽ ലഭിച്ച നിയമോപദേശവും നിർവാഹകസമിതിയിൽ അവതരിപ്പിച്ചു. വിശദമായ ചർച്ചക്കുശേഷം ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കരാർ/ദിവസകൂലി അടിസ്ഥാനത്തിൽ ഇപ്പോൾ സർവകലാശാലയിൽ ജോലി ചെയ്യുന്നവരെ തുടർന്നും നിയോഗിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി കത്ത് എഴുതണമെന്ന് യോഗം തീരുമാനിച്ചു.

സർവകലാശാല സ്റ്റാറ്റ്യൂട്ട്സും ഓർഡിനൻസും വിളംബരം ചെയ്ത് വ്യവസ്ഥാപിതമായി തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കാൻ കഴിയാതെ വന്ന സാഹചര്യം സർക്കാരിനെ ബോദ്ധ്യപ്പെടുത്തണമെന്നും തീരുമാനിച്ചു. സ്റ്റാറ്റ്യൂട്ട്സിന്റെയും ഓർഡിനൻസിന്റെയും അഭാവത്തിൽ തസ്തികകൾ സൃഷ്ടിച്ച് അതിലേക്കുള്ള നിയമനയോഗ്യത, നിയമനരീതി, സേവന-വേതനഘടന എന്നിവ തക്കതായ അധികാരിക്ക് നിർദ്ദേശിക്കുവാൻ സാധിക്കുമായിരുന്നില്ല. ഈ സാഹചര്യത്തിൽ സർവകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾ നിർവഹിച്ചുകൊണ്ടുപോകുന്നതിനാവശ്യമായ ആഫീസ് ജീവനക്കാരെ ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതായി വന്നു. ഇത്തരത്തിൽ നിയോഗിക്കപ്പെട്ടവർ ജോലിയിൽ തുടരുകയുമാണ്. പ്രവർത്തനപരിചയവും പ്രാവീണ്യവുമുള്ള ഈ ജീവനക്കാരുടെ സേവനം സർവകലാശാലയുടെ മുന്നോട്ടുള്ള സുഗമമായ നടത്തിപ്പിന് അനിവാര്യവുമാണ്. ഈ സാഹചര്യത്തിൽ സർവകലാശാലയിൽ വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷ, ഫിനാൻസ്, പ്രസിദ്ധീകരണം, ലൈബ്രറി എന്നീ കാര്യാലയങ്ങളിൽ നിലവിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ തസ്തികകളെ സർവകലാശാലാ മാതൃകയിൽ പുനഃക്രമീകരിച്ച് ഒരു വർഷത്തേക്കോ വ്യവസ്ഥാപിതമായി സ്ഥിരം നിയമനം നടക്കുന്നതുവരേയോ ഏതാണോ ആദ്യം അതുവരെ ദിവസക്കൂലി/ കരാർ വ്യവസ്ഥയിൽ അവരെ സർവകലാശാലയിൽ നിയോഗിക്കുന്നതിനുള്ള സർക്കാരിന്റെ അനുമതിക്ക് വേണ്ടിഎഴുതി ആവശ്യപ്പെടണമെന്നും തീരുമാനിച്ചു.

ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും അനുകൂലമായ ഉത്തരവ് പ്രതീക്ഷിച്ചുകൊണ്ട് ദിവസക്കൂലി /കരാർ വ്യവസ്ഥയിൽ നിയോഗിച്ച ജീവനക്കാരെ സർവകലാശാല സേവനത്തിൽ താൽക്കാലികമായി നിലനിർത്തുവാനും തീരുമാനിക്കുന്നു.

**5/42** **ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു കൊണ്ടും മാനദണ്ഡങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുമുള്ള സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പാക്കുന്നത് സംബന്ധിച്ച്**

നമ്പർ: 1800/2018/അഡ്മിൻ (ഭരണവിഭാഗം)

തീരുമാനം 5/42 : സർവകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷം ജീവനക്കാരുടെയും സേവനകാലാവധി രണ്ടു വർഷ ത്തിൽ അധികരിച്ചിരിക്കുന്നു. ആയതിനാൽ 09.07.2019 ലെ ഉത്തര വിലെ മാനദണ്ഡങ്ങൾ അനുസരിച്ച്, സർവകലാശാല മാതൃകയിലുള്ള തസ്തികകളിൽ ഓരോരുത്തരുടെയും വിദ്യാഭ്യാസയോഗ്യത കണക്കി ലെടുത്ത് തസ്തികകൾ പുനഃക്രമീകരിച്ച് വിന്യസിക്കുവാനും, ടി സർക്കാർ ഉത്തരവിൽ പറയുന്ന സേവന-വേതന വ്യവസ്ഥകൾ പാലി ച്ച് വേതനവർദ്ധനവ് നടപ്പിലാക്കാനും സർക്കാരിന്റെ അനുമതി നേടേ ണ്ടതാണ്.

**6/42** **അധിക ജോലിഭാരം കണക്കിലെടുത്ത് പരീക്ഷാവിഭാഗം ജീവ നക്കാർക്ക് അധികവേതനം നൽകേണ്ടത് പരിഗണിക്കുന്നത് സംബന്ധിച്ച്**

നമ്പർ: 16/ജനറൽ/2019/പ.വി. (പരീക്ഷാവിഭാഗം)

തീരുമാനം 6/42 : പരീക്ഷാവിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് (1, 3) (2, 4) സെമസ്റ്റർ പരീക്ഷകളുടെ സന്ദർഭങ്ങളിലെ അധികജോലിഭാരം കണ ക്കിലെടുത്ത് പ്രത്യേക അലവൻസായി 2000 രൂപ വീതം പരീക്ഷാ കൺട്രോളറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

**7/42** **സർവകലാശാലയുടെ 2018-19 സാമ്പത്തിക വർഷത്തെ കണ ക്കുകൾ അംഗീകരിക്കുന്നത് സംബന്ധിച്ച്**

നമ്പർ: 1940/2019/ഫിൻ (ഫിനാൻസ്)

തീരുമാനം 7/42 : അംഗീകരിച്ചു.

**8/42** **ഇരുപത്തിയൊന്നാമത് അക്കാദമിക് കൗൺസിൽ യോഗ ത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്**

നമ്പർ: 597/2018/വി.സി. (ഭരണവിഭാഗം)

തീരുമാനം 8/42 : 22-ാം അക്കാദമിക് കൗൺസിൽ തീരുമാനം (2/22.3) പ്രകാരം പിഎ ച്ച്.ഡി. പ്രബന്ധങ്ങൾ ഇംഗ്ലീഷിൽ തയ്യാറാക്കാനുള്ള അനുമതി റദ്ദു ചെയ്ത നടപടി പുനഃപരിശോധിച്ചു. മലയാളസർവകലാശാലയിലെ വിദ്യാർത്ഥികൾ / ഗവേഷകർ എന്നിവരുടെ ഉപരിപഠന സാധ്യതകൾ മുൻനിർത്തി, അവർ ആവശ്യപ്പെടുന്നപക്ഷം പ്രബന്ധത്തിന്റെ ഒരു കോപ്പി ഇംഗ്ലീഷിലും സമർപ്പിക്കാവുന്നതാണെന്നും, ഇംഗ്ലീഷിൽ തയ്യാ റാക്കുന്ന പ്രബന്ധത്തിന്റെ ഗുണനിലവാരം നിർണയിക്കേണ്ട ചുമതല മാർഗദർശിക്കായിരിക്കുമെന്നുമുള്ള വ്യവസ്ഥയോടെ ഇനം 8/42 അംഗീ കരിച്ചു. ഗവേഷണപ്രബന്ധങ്ങളിൽ ഗവേഷണവിഷയം മലയാള ത്തിലും അതിന്റെ ഇംഗ്ലീഷ് പരിഭാഷ തൊട്ടടുത്ത പൂർണപേജിലും നൽകണമെന്നും തീരുമാനിച്ചു.

| | |
|---|---|
| **9/42** | **പതിനാലാമത് ഗവേഷണസഭാ യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്**<br>225/2015/വി.സി. (ഭരണവിഭാഗം) |
| തീരുമാനം 9/42 : | ഗവേഷണസഭായോഗതീരുമാനങ്ങൾ അംഗീകരിച്ചു. |
| **10/42** | **28.06.2019 നു ചേർന്ന എഴുത്തച്ഛൻ പഠനകേന്ദ്രത്തിന്റെ ഉപദേശകസമിതി കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച്**<br>നമ്പർ: 286/2015/വി.സി. (ഭരണവിഭാഗം) |
| തീരുമാനം 10/42 : | എഴുത്തച്ഛൻ പഠനകേന്ദ്രം കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പാക്കുന്നതിന് അക്കാദമിക് കൗൺസിൽ നൽകിയ ശുപാർശ അംഗീകരിച്ചു. |
| **11/42** | **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി നടപ്പുസാമ്പത്തികവർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും 9 കോടി രൂപ എൽ.എ. (ജനറൽ) തിരൂരിന്റെ വർക്ക് ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച വൈസ് ചാൻസലറുടെ നടപടികളുടെ റിപ്പോർട്ട് സംബന്ധിച്ച്**<br>നമ്പർ: 456/2018/വി.സി. (വി.സി. കാര്യാലയം) |
| തീരുമാനം 11/42 : | ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 9 കോടി രൂപ വർക്ക് ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച നടപടിക്ക് അംഗീകാരം നൽകി. |
| **12/42** | **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർവകലാശാല ഇതുവരെ നടത്തിയ സാമ്പത്തിക ഇടപാടുകൾ നിർവാഹകസമിതിയുടെ സാധൂകരണത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്**<br>456/2018/ഫിൻ (ഫിനാൻസ്) |
| തീരുമാനം 12/42 : | ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നടപടികൾ സാധൂകരിച്ചു. |
| **13/42** | **ഡിജിറ്റൈസേഷന്റെ ഭാഗമായി സെർവർ, സ്റ്റോറേജ്, നെറ്റ്‌വർക്കിങ്, സി.സി.ടി.വി. എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾക്കായി ടെക്നിക്കൽ കമ്മിറ്റി തയ്യാറാക്കിയ രണ്ടു നിർദ്ദേശങ്ങളും മതിപ്പുചെലവും പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നത് സംബന്ധിച്ച്**<br>നമ്പർ: 2177/2019/ഫിൻ (ഫിനാൻസ്) |
| തീരുമാനം 13/42 : | ഡിജിറ്റൈസേഷൻ നടപടികൾ അംഗീകരിച്ചു. |

**14/42** **ഗവേഷണ കാലാവധി കഴിഞ്ഞ ഗവേഷകരുടെ ഒറ്റത്തവണ ഫൈൻ കുറയ്ക്കുന്നതിനുള്ള ഗവേഷണസഭയുടെ ശുപാർശ പരിഗണിക്കുന്നത് സംബന്ധിച്ച്**

നമ്പർ: 679/എ1/2019/അഡ്മിൻ (ഭരണവിഭാഗം)

തീരുമാനം 14/42 : ഗവേഷണകാലാവധി കഴിഞ്ഞ ശേഷമുള്ള ഒറ്റത്തവണ ഫൈൻ കുറച്ചത് അംഗീകരിച്ചു.

**15/42** **തദ്ദേശവികസനപഠനം കോഴ്സിന് കമ്പ്യൂട്ടർലാബ് സംവിധാനം ഏർപ്പെടുത്തുവാനുള്ള പഠനബോർഡിന്റെ ശുപാർശ അംഗീകരിച്ച് നടപ്പാക്കുന്നത് സംബന്ധിച്ച്**

നമ്പർ: 1679(2)/2019/എ2/അഡ്മിൻ (ഭരണവിഭാഗം)

തീരുമാനം 15/42 : തദ്ദേശവികസനപഠനവിഭാഗം - കമ്പ്യൂട്ടർലാബ് ഏർപ്പെടുത്താനുള്ള പഠനബോർഡ് ശുപാർശ അംഗീകരിച്ചു.

**16/42** **28.03.19 നു ചേർന്ന പരിസ്ഥിതിപഠന ബോർഡിന്റെ 28.03.2019 ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്**

നമ്പർ: 1667/എ2/2019/അഡ്മിൻ (ഭരണവിഭാഗം)

തീരുമാനം 16/42 : പരിസ്ഥിതിപഠനബോർഡിന്റെ ശുപാർശകൾ 22-ാമത് അക്കാദമിക് കൗൺസിലിന്റെ 2/22 ഇനത്തിലെ ശുപാർശകൾക്കനുസരിച്ച് അംഗീകരിച്ചു.

**17/42** **സർവകലാശാലകളുടെ നിയന്ത്രണത്തിലുള്ള വനിതാ ഹോസ്റ്റലുകളിലെ പ്രവേശന സമയപരിധി ദീർഘിപ്പിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച്**

1800/എ1/2018/അഡ്മിൻ (ഭരണവിഭാഗം)

തീരുമാനം 17/42 : സർവകലാശാലാ വനിതാഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥിനികളുടെ പ്രവേശനസമയം ദീർഘിപ്പിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് (നമ്പർ: സ.ഉ. (സാധ) 539/2019/ഉ.വി.വ. തീയതി: 07.04.2018) മലയാളസർവകലാശാലയിൽ നടപ്പിലാക്കിയ വൈസ് ചാൻസലറുടെ തീരുമാനം അംഗീകരിച്ചു.

**18/42(എ)** **സാഹിത്യവിഭാഗത്തിൽ 'ജനപ്രിയ സംസ്കാരവും മലയാള നാടകഗാനങ്ങളും എന്ന വിഷയത്തിൽ പിഎച്ച്.ഡി. ഗവേഷണം പൂർത്തിയാക്കിയ അജിത്ത് കെ.പി.യ്ക്ക് ബിരുദം നൽകുന്നത് സംബന്ധിച്ച്**

നമ്പർ: 883/2019/എ1/അക്കാദമികം (ഭരണവിഭാഗം)

തീരുമാനം 18/42(എ) : ഓപ്പൺ ഡിഫൻസ് നടന്ന തീയതി മുതൽ മുൻകാലപ്രാബല്യം നൽകി പിഎച്ച്.ഡി. ബിരുദം നൽകാൻ തീരുമാനിച്ചു. പിഎച്ച്.ഡി. ബിരുദദാനച്ചടങ്ങിൽ ബഹു. ചാൻസലറെ ക്ഷണിക്കുവാനും തീരുമാനിച്ചു.

**18/42(ബി)** **ഭാഷാശാസ്ത്ര വിഭാഗത്തിൽ 'മലയാള ക്രിയാരൂപിമാപഗ്രഥനം കമ്പ്യൂട്ടർ ഭാഷശാസ്ത്രമാതൃകയിൽ' എന്ന വിഷയത്തിൽ പിഎച്ച്.ഡി. ഗവേഷണം പൂർത്തിയാക്കിയ അബ്റാർ കെ. ജെ.യ്ക്ക് ബിരുദം നൽകുന്നത് സംബന്ധിച്ച്**
നമ്പർ: 475/2019/അക്കാദമികം (ഭരണവിഭാഗം)

തീരുമാനം 18/42 (ബി) : ഓപ്പൺ ഡിഫൻസ് നടന്ന തീയതി മുതൽ മുൻകാലപ്രാബല്യം നൽകി പിഎച്ച്.ഡി. ബിരുദം നൽകാൻ തീരുമാനിച്ചു.

**19/42** **മലയാളസർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർമാരെ ഗ്രേഡ്-2 യിലേക്ക് സ്ഥാനകയറ്റം അനുവദിച്ചുകൊണ്ടുള്ള വൈസ് ചാൻസലറുടെ നടപടിയുടെ സാധൂകരണം സംബന്ധിച്ച്**
നമ്പർ: 2478/2018/അഡ്മിൻ (ഭരണവിഭാഗം)

തീരുമാനം 19/42 : അസിസ്റ്റന്റ് പ്രൊഫസർമാരുടെ സ്ഥാനക്കയറ്റം അംഗീകരിച്ചു. ഓറിയന്റേഷൻ, റിഫ്രഷർ കോഴ്സുകളുടെ സമയപരിധി സംബന്ധിച്ച് 31/12/2018 ലെ ഉത്തരവിലെ അവ്യക്തത പരിഹരിച്ചുകൊണ്ടുള്ള പുതിയ ഉത്തരവ് സർക്കാരിന്റെ പരിഗണനയിലാണെന്നും അതനുസരിച്ച് തർക്കങ്ങൾ നിലനിൽക്കുന്ന അപേക്ഷകളിൻമേൽ തീർപ്പുകൽപിച്ചാൽ മതിയെന്നും സർക്കാർ പ്രതിനിധികൾ നിർദ്ദേശിച്ചു.

**20/42** **മലയാളസർവകലാശാലയിൽ യു.ജി.സി./എം.എച്ച്.ആർ.ഡി. നിർദ്ദേശപ്രകാരം സ്വയം (SWAYAM)/മൂക്ക് (MOOC) കോഴ്സുകൾ ആരംഭിക്കുന്ന വിഷയം സംബന്ധിച്ച്.**
നമ്പർ: 1387/2017/വി.സി. (IQAC)

തീരുമാനം 20/42 : മൂക്ക് (MOOC) കോഴ്സുകൾ യു.ജി.സി./എം.എച്ച്.ആർ.ഡി. നിർദ്ദേശം പാലിച്ചുകൊണ്ട് ഇംഗ്ലീഷിൽകൂടി നടത്താൻ നിർദ്ദേശിച്ചു. (മലയാളത്തിൽ മാത്രം മതിയെന്ന അക്കാദമിക് കൗൺസിൽ നിർദ്ദേശം ഭേദഗതി ചെയ്തു.)

**21/42** **യു.ജി.സി./എം.എച്ച്.ആർ.ഡി. നിർദ്ദേശാനുസരണം സർവകലാശാലയിൽ നൈപുണ്യവികസനം (Skill development) കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്.**
നമ്പർ: 361/നൈപുണ്യ/2019 (IQAC)

തീരുമാനം 21/42 : നൈപുണ്യവികസനം - കോഴ്സുകൾ നടത്തുന്നത് അംഗീകരിച്ചു.

**22/42** **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയ്ക്ക് NAAC അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനായി യു.ജി.സി.യുടെ മെന്റർ -മെന്റി സ്കീമിലൂടെ കാലടി ശ്രീ ശങ്കരാചാര്യ സർവകലാശാലയുടെ സഹായസഹകരണത്തോടെ തുടർപ്രവർത്തനത്തിനായി കരാറിൽ ഏർപ്പെടുന്നതു സംബന്ധിച്ച്.**
1921/2018/സ്വയം/അഡ്മിൻ (IQAC)

തീരുമാനം 22/42 : അംഗീകരിച്ചു. മെന്റർ-മെന്റീ സംവിധാനം അംഗീകരിച്ച് കരാർ തയ്യാറാക്കുമ്പോൾ സർവകലാശാലകൾക്കിടയിൽ തുല്യത ഉണ്ടാവണമെന്ന കാര്യം പ്രത്യേകം രേഖപ്പെടുത്തണമെന്നു നിർദ്ദേശിച്ചു.

**23/42** **ഡോ. ടി. അനിതകുമാരിയെ ഗുണ്ടർട്ട് ചെയറിന്റെ ഹോൾഡറായി നിയമിച്ച് വിസിറ്റിങ് പ്രൊഫസറായി ജർമനിയിലെ ട്യുബിൻഗൻ സർവകലാശാലയിലേക്കു പോകാൻ അനുമതി നൽകിയ നടപടികളുടെ സാധൂകരണം സംബന്ധിച്ച്**

നമ്പർ: 720/2019/അക്കാദമികം (ഭരണവിഭാഗം)

തീരുമാനം 23/42 : ജർമനിയിലെ ട്യുബിംഗണിലെ എബർഹാർഡ് കാൾസ് യൂണിവേഴ്സിറ്റിയിലെ ഗുണ്ടർട്ട് ചെയർ ഹോൾഡറായി നിയമിതയായ ഡോ. ടി. അനിതകുമാരി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു. ഗുണ്ടർട്ട് ചെയറിന്റെ ഭാവി പ്രവർത്തനങ്ങൾ, ഡോക്യുമെന്ററി പ്രൊജക്ട് എന്നിവ അടുത്ത നിർവാഹകസമിതിയോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചു.

**24/42** **ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരത്തോടെ സർവകലാശാലാ വൈസ് ചാൻസലർ ഡോ. വി. അനിൽകുമാറിന് അർഹമായ സേവന, വേതന വ്യവസ്ഥകൾ അനുവദിച്ചു നടപ്പിലാക്കിയ നടപടികളുടെ റിപ്പോർട്ട് സംബന്ധിച്ച്.**

(ഫിനാൻസ്)

തീരുമാനം 24/42 : വൈസ് ചാൻസലറുടെ സേവന-വേതന വ്യവസ്ഥകൾ അനുവദിച്ചു ബഹു. ചാൻസലർ നൽകിയ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് ഇറക്കിയ സർവകലാശാലയുടെ നടപടി അംഗീകരിച്ചു.

**25/42** **ഇ-കോൺഫറൻസ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി സർവകലാശാലയിൽ വീഡിയോ കോൺഫറൻസിങ് സിസ്റ്റം സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികളിലൂടെ ഐ.ടി.ഐ. പാലക്കാടിന് അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

നമ്പർ: 1430/2019/ഫിൻ (ഫിനാൻസ്)

തീരുമാനം 25/42 : ഇ-കോൺഫറൻസ് സംവിധാനം ഏർപ്പെടുത്തിയ നടപടി അംഗീകരിച്ചു.

**26/42** **നിർവാഹകസമിതിയുടെ അംഗീകാരത്തിനു വിധേയമായി 2019-20 അദ്ധ്യയനവർഷത്തെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനപ്പരീക്ഷ എഴുതിയ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് മിനിമം മാർക്ക് നിബന്ധനയിൽ ഒഴിവ് നൽകി പ്രവേശനത്തിന് അനുമതി കൊടുത്ത ബഹു. വൈസ് ചാൻസലറുടെ നടപടിയുടെ സാധൂകരണം സംബന്ധിച്ച്.**

നമ്പർ: 125/2019/പി.വി. (പരീക്ഷാവിഭാഗം)

തീരുമാനം 26/42 : എസ്.സി./എസ്.ടി. പ്രവേശനത്തിന് നിശ്ചയിച്ച കുറഞ്ഞ മാർക്കിൽ ഇളവ് നൽകി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച നടപടി അംഗീകരിച്ചു.

**27/42 പൾമിനറി ട്യുബർക്കുലോസിസ് രോഗം ബാധിച്ച് മെഡിക്കൽ ലീവിലായിരുന്ന കുമാരി ദിവ്യ എൻ, എന്ന മാധ്യമപഠന വിദ്യാർത്ഥിനിയെ 2019-20 അദ്ധ്യയന വർഷത്തിൽ ഒന്നാം വർഷ മാധ്യമപഠനകോഴ്സിൽ പുനഃപ്രവേശനം നൽകുന്നതിനുവേണ്ടി നിർവാഹകസമിതിയുടെ അംഗീകാരത്തിനു വിധേയമായി ബഹു. വൈസ് ചാൻസലർ നൽകിയ ഉത്തരവിന്റെ സാധൂകരണം സംബന്ധിച്ച്.**

നമ്പർ : 22/2019/പ.വി. (പരീക്ഷാവിഭാഗം)

തീരുമാനം 27/42 : പൾമിനറി ട്യുബർക്കുലോസിസ് രോഗം ബാധിച്ച് മെഡിക്കൽ ലീവിലായിരുന്ന കുമാരി ദിവ്യ എൻ. എന്ന വിദ്യാർത്ഥിനിക്ക് പുനഃപ്രവേശനം നൽകുന്നതിനായി ഒരു സീറ്റ് കൂടുതലായി സൃഷ്ടിച്ച് അവർക്ക് പ്രവേശനം നൽകിയ വൈസ്ചാൻസലറുടെ നടപടി അംഗീകരിച്ചു.

**28/42 നളചരിതം ഡോക്യുമെന്റേഷന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നൽകിയവർക്ക് നൽകേണ്ട പ്രതിഫല തുക തീരുമാനിക്കുന്നത് സംബന്ധിച്ച്**

നമ്പർ : 1516/എ1/2018/അക്കാദമികം (ഭരണവിഭാഗം)

തീരുമാനം 28/42 : നളചരിതം ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ പൂർത്തിയാക്കി മലയാളത്തിൽ ഉപശീർഷകം തയ്യാറാക്കി നൽകിയ കമ്മിറ്റി അംഗങ്ങളായ മൂന്നുപേർക്കായി 50,000 രൂപ വീതിച്ച് നൽകാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഇനിമേൽ ഉണ്ടാക്കുന്ന ഏതു ധാരണാപത്രത്തിലും പ്രതിഫലം, പകർപ്പാവകാശം, വിതരണം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ആദ്യം തന്നെ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ് എന്ന് തീരുമാനിച്ചു.

**29/42 വിരമിച്ച ശേഷം കരാർ വ്യവസ്ഥയിൽ നിയമിതരായ ജീവനക്കാരുടെ സേവനകാലാവധി ദീർഘിപ്പിച്ച നടപടിക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച്**

നമ്പർ: 813/2018/രജി (ഭരണവിഭാഗം)

തീരുമാനം 29/42 : കാലിക്കറ്റ് സർവകലാശാല സർവീസിൽ നിന്നും വിരമിച്ച ശേഷം കരാർ വ്യവസ്ഥയിൽ ഒരു വർഷക്കാലത്തേക്ക് നിയമിക്കപ്പെട്ട ജീവനക്കാരുടെ സേവനകാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച വൈസ് ചാൻസലറുടെ നടപടി അംഗീകരിച്ചു.

**30/42 ബിരുദാനന്തരബിരുദ കോഴ്സുകളുടെ പുതുക്കിയ ചട്ടങ്ങൾ 2019 അംഗീകരിച്ചു നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പരീക്ഷാ ഉപസമിതിയുടെ 30.08.19 ന്റെ യോഗതീരുമാനം അംഗീകരിക്കുന്നത് സംബന്ധിച്ച്**

1245/2019/ജനറൽ/പ.വി. (പരീക്ഷാവിഭാഗം)

തീരുമാനം 30/42 : ഇന്റേണൽ എക്സ്റ്റേണൽ മാർക്കിൽ വരുത്തിയ ഭേദഗതിയോടെ ഉപസമിതിതീരുമാനങ്ങൾ അംഗീകരിച്ചു. പരീക്ഷാഉപസമിതി യോഗതീരുമാനത്തിലെ ഇന്റേണൽ എക്സ്റ്റേണൽ മാർക്ക് 20:80 എന്നത് 30:70 എന്ന് നിജപ്പെടുത്തി.

- പ്രവേശനപരീക്ഷ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് യുക്തമായ സമയത്ത് നിർവാഹകസമിതി യോഗത്തിൽ വെക്കേണ്ടതാണ്.

- ഇനി മുതലുള്ള പരീക്ഷകളിൽ ഇന്റേണൽ മാർക്ക് 30 ആയിരിക്കും. ഒരു സ്ഥിരം പരീക്ഷാപരാതി പരിഹാരസമിതി രൂപീകരിക്കണം.
- വിദ്യാർത്ഥികളുടെ ഹാജർനില കർശനമാക്കണം
- പരീക്ഷാചട്ടപ്രകാരമല്ലാതെ ഹാജർനിലയിൽ യാതൊരുവിധ ഇളവും അനുവദിക്കുവാൻ പാടില്ലെന്നും തീരുമാനിച്ചു.

**31/42 തമിഴ് സർവകലാശാലയിൽ മലയാളം ചെയറും മലയാളം സർവകലാശാലയിൽ തമിഴ് ചെയറും സ്ഥാപിക്കുന്നത് സംബന്ധിച്ച് (ഭരണവിഭാഗം)**

764/എ1/2019/അഡ്മിൻ (ഭരണവിഭാഗം)

തീരുമാനം 31/42 : അംഗീകരിച്ചു.

**32/42 കോട്ടക്കലുള്ള വി.പി.എസ്.വി. ആയുർവേദ കോളേജ് സംഹിത & സിദ്ധാന്ത വിഭാഗത്തിലെ പി.ജി. വിദ്യാർത്ഥികൾക്കു മലയാളസർവകലാശാലയിലെ അദ്ധ്യാപകരുടെ കീഴിൽ മാനുസ്ക്രിപ്റ്റ് പഠനം നടത്തുന്നതിനുള്ള ധാരണാപത്രം ഒപ്പു വെക്കുന്നത് സംബന്ധിച്ച്**

2489/എ1/2019/അഡ്മിൻ (ഭരണവിഭാഗം)

തീരുമാനം 32/42 : മാനുസ്ക്രിപ്റ്റ് പഠനം നടത്തുന്നതിനുള്ള ധാരണാപത്രം ഒപ്പു വെയ്ക്കാൻ അനുമതി നൽകി. ഇക്കാര്യത്തിൽ സർവകലാശാലയ്ക്ക് യാതൊരുവിധത്തിലുള്ള സാമ്പത്തികബാദ്ധ്യതയും ഉണ്ടാകാത്ത വിധത്തിൽ മാത്രമെ ആയുർവേദ കോളേജുമായി ധാരണാപത്രം ഒപ്പു വെക്കാൻ പാടുള്ളുവെന്ന് തീരുമാനിച്ചു.

**33/42 23.09.2019 ൽ ചേരുന്ന പതിനഞ്ചാമത് ഗവേഷണസഭയുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്**

225/2015/വി.സി. വാല്യം 2 (ഭരണവിഭാഗം)

തീരുമാനം 33/42 : ഗവേഷണസഭാ തീരുമാനങ്ങൾ അംഗീകരിച്ചു.

**34/42 23.09.2019 ൽ ചേരുന്ന ഇരുപത്തിരണ്ടാമത് പണ്ഡിതസഭയുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്**

597/2018/വി.സി. (ഭരണവിഭാഗം)

തീരുമാനം 34/42 : പണ്ഡിതസഭയുടെ ശുപാർശകൾ നിർവാഹകസമിതിയുടെ ഇനം- 8/42 തീരുമാനത്തിൽ വിവരിച്ചിട്ടുള്ള ഭേദഗതികളോടെ അംഗീകരിച്ചു.

**35/42** **മലയാളസർവകലാശാലയിലെ അസി. പ്രൊഫസർമാരുടെ സ്ഥാനക്കയറ്റത്തിന് (CAS) നിശ്ചയിക്കപ്പെട്ട പ്രാബല്യതീയതി കണക്കാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണിച്ച് തീരുമാനമെടുക്കുന്നതിനും ആവശ്യമെങ്കിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം സമ്പാദിക്കുന്നതിനും സംബന്ധിച്ച്**

2478/2018/അഡ്മിൻ (ഭരണവിഭാഗം - ഫിൻ)

തീരുമാനം 35/42 : ഡോ. സ്മിത കെ. നായർ, ഡോ. സി. ഗണേഷ് എന്നീ അദ്ധ്യാപകർ ഉന്നയിച്ച ആവശ്യം പരിഗണിച്ച് അവർ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നാല് വർഷം സേവനം പൂർത്തിയാക്കിയ തീയതി മുതൽ മുൻകാല പ്രാബല്യം നൽകി ഗ്രേഡ് ആനുകൂല്യം നൽകുവാൻ തീരുമാനിച്ചു. ഇക്കാര്യം സർക്കാരിനെ അറിയിച്ച് അതിന്റെ സാധുതയിൽ വ്യക്തത വരുത്തേണ്ടതുണ്ട്. അവർ ആവശ്യപ്പെട്ടതനുസരിച്ച് എടുത്ത നടപടി സർക്കാർ നിരാകരിക്കുന്ന പക്ഷം, സർക്കാരിന്റെ സാധൂകരണത്തിന് വിധേയമായി അനുവദിച്ച ആനുകൂല്യം തിരിച്ചുനൽകുന്നതാണെന്ന് വ്യക്തമാക്കി കൊണ്ടുള്ള സമ്മതപത്രം ബന്ധപ്പെട്ട അദ്ധ്യാപകരിൽ നിന്നും വാങ്ങേണ്ടതാണെന്നും തീരുമാനിച്ചു.

**36/42** **എം.എൻ. സത്യാർത്ഥിയുടെ പേരിൽ മലയാളം സർവകലാശാലയിൽ വിവർത്തനപഠനത്തിനായി ചെയർ സ്ഥാപിക്കുന്നത് സംബന്ധിച്ച്**

2781/2019/അഡ്മിൻ (ഭരണവിഭാഗം)

തീരുമാനം 36/42 : സർവകലാശാലയിൽ ചെയറുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കാൻ ഉപസമിതിയെ നിയോഗിച്ച അക്കാദമിക് കൗൺസിൽ തീരുമാനം നടപ്പാക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

**37/42** **പരീക്ഷാഭവൻ കമ്പ്യൂട്ടർവത്കരണവും പ്രോഗ്രാമറെ നിയമിക്കുന്നതും സംബന്ധിച്ച്**

1177/2018/അഡ്മിൻ (ഭരണവിഭാഗം)

തീരുമാനം 37/42 : പരീക്ഷാഭവൻ കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി ഒരു കമ്പ്യൂട്ടർ പ്രോഗ്രാമറെ ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിയോഗിക്കുവാൻ തീരുമാനിച്ചു. അതിനോടനുബന്ധമായി മീഡിയാലാബ് ടെക്നീഷ്യൻ, ലൈബ്രറി അസിസ്റ്റന്റ് എന്നിവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്ന കാര്യവും റിപ്പോർട്ട് ചെയ്തു.

**38/42**

തീരുമാനം 38/42 : അജണ്ട ഇനങ്ങളിൽ തീരുമാനങ്ങൾ എടുത്ത ശേഷം സാഹിത്യമേഖലയിൽ സുപ്രശസ്തരായ ശ്രീ അക്കിത്തം, ശ്രീ സി. രാധാകൃഷ്ണൻ, പ്രൊഫ. സ്കറിയ സക്കറിയ എന്നിവർക്ക് ഓണററി ബിരുദമായ ഡിലിറ്റ് നൽകുന്നതിനുള്ള നിർദ്ദേശം സമിതി മുമ്പാകെ യോഗാദ്ധ്യക്ഷൻ കൂടിയായ വൈസ് ചാൻസലർ അവതരിപ്പിച്ചു. ഈ മൂന്ന് പേർക്ക് പുറമെ വിഖ്യാതനായ ആർട്ടിസ്റ്റ് നമ്പൂതിരിയെ കൂടി പരിഗണിക്കണമെന്ന് ഡോ. എ.കെ. നമ്പ്യാർ അഭിപ്രായപ്പെട്ടു. ബഹുമതി നൽകുന്നത് രണ്ടു പേർക്കു മാത്രമായി പരിമിതപ്പെടുന്നതിനെക്കുറിച്ചും ചർച്ച നടന്നു.

ചർച്ചകൾക്കു ശേഷം ആദ്യഘട്ടത്തിൽ ശ്രീ അക്കിത്തം (കവിത), ശ്രീ സി. രാധാകൃഷ്ണൻ (കഥാസാഹിത്യം), പ്രൊഫ. സ്കറിയ സക്കറിയ (നിരൂപണം) എന്നിവർക്ക് ചാൻസലറുടെ സ്ഥിരീകരണത്തിന് വിധേയമായി ഓണററി ബിരുദം നൽകുവാൻ നിർവാഹക സമിതി തീരുമാനിച്ചു.

യോഗം ഉച്ചക്ക് 1.30 അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്